പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# ശൈശവ വിശുദ്ധിയിലേക്കുയർത്തുന്ന ഹജ്ജ്കർമം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: سَمِعْتُ النَّبِيَّ ﷺ يَقُولُ "مَنْ حَجَّ لِلَّهِ، فَلَمْ يَرْفُثْ وَلَمْ يَفْسُقْ، رَجَعَ كَيَوْمِ وَلَدَتْهُ أُمُّهُ."

**അബൂഹുറയ്റ(റ)യിൽ നിന്ന്: പ്രവാചകൻ പറയുന്നത് ഞാൻ കേട്ടു: "കാമഭാഷണം നടത്താതെയും ദുഷ്പ്രവൃത്തികൾ ചെയ്യാതെയും അല്ലാഹുവിന്റെ തൃപ്തി തേടി ഹജ്ജ് ചെയ്തവൻ മാതാവ് പ്രസവിച്ച ദിവസത്തിലെന്നപോലെ പരിശുദ്ധനായി തിരിച്ചുവരും" (ബുഖാരി).**

ഈമാനിന്റെ അടിത്തറയിൽ സ്ഥാപിക്കേണ്ട ഇസ്‌ലാമിക കെട്ടിടത്തിന്റെ പഞ്ചസ്തംഭങ്ങളിൽ ഒടുവിലത്തേതാണ് ഹജ്ജ്. പരിശുദ്ധ കഅ്ബ വരെ പോയി മടങ്ങാൻ വേണ്ട സാമ്പത്തികവും ശാരീരികവുമായ ശേഷിയുള്ളവർക്ക് ജീവിതത്തിലൊരിക്കൽ ഹജ്ജ് നിർവഹിക്കൽ നിർബന്ധമാണ്.

കഴിവുണ്ടായിട്ടും ഹജ്ജ് നിർവഹിക്കാതിരിക്കുന്നത് സത്യനിഷേധത്തിന്റെ അടയാളമായാണ് ഖുർആൻ എണ്ണിയിട്ടുള്ളത്. ഖുർആൻ പറയുന്നത് കാണുക: "കഅ്ബയിലേക്ക് പോക്കുവരവിന് കഴിവുള്ള ജനങ്ങൾ അവിടെ ചെന്ന് ഹജ്ജ് ചെയ്യൽ, അല്ലാഹുവിന് വേണ്ടി അവർ നിർവഹിക്കേണ്ട ചുമതലയാകുന്നു. വല്ലവനും അത് നിഷേധിക്കുന്നപക്ഷം (അവൻ അറിഞ്ഞിരിക്കട്ടെ), അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാണ്" (*ആലുഇംറാൻ* 97).

ഹജ്ജ് നിർബന്ധമാകുന്ന അവസ്ഥ വന്നാൽ, എത്രയും പെട്ടെന്നത് നിർവഹിക്കാനാണ് ശ്രമിക്കേണ്ടത്. ജീവിതത്തിലെ അവസ്ഥാന്തരങ്ങൾക്കിടയിൽ, പിന്നീടൊരിക്കലും ഹജ്ജ് നിർവഹിക്കാൻ സാധ്യമാകുന്ന സാഹചര്യമുണ്ടായില്ലെന്നും വരാം. അപ്പോഴത് ഖേദഹേതുവായിത്തീരും.

ഇസ്‌ലാമിൽ ഏതൊരു കർമവും സൽകർമമായിത്തീരണമെങ്കിൽ അനിവാര്യമായ ഉപാധിയാണ്, അല്ലാഹുവിന് വേണ്ടിയത് നിർവഹിക്കുക എന്നത്. മറ്റു യാതൊരു താൽപര്യവും അതിൽ കലരാൻ പാടില്ല. അഥവാ കലർന്നാൽ, കർമമെത്ര പ്രധാനപ്പെട്ടതായാലും ഫലശൂന്യമായിത്തീരും. ഹജ്ജിന്റെ കാര്യത്തിൽ പ്രത്യേകം പ്രസ്താവ്യമാണിക്കാര്യം. പ്രശസ്തി മോഹമോ, കച്ചവട താൽപര്യമോ, യാത്രാമോഹമോ പോലുള്ള തികച്ചും ഭൗതികമായ കാര്യങ്ങൾ യാത്രാപ്രേരകമായാൽ, അല്ലാഹുവിന്റെ അടുത്ത് ഹജ്ജ് ഫലശൂന്യമാവുകയായിരിക്കും ഉണ്ടാവുക.

മറിച്ച്, അല്ലാഹുവിന്റെ പൊരുത്തം മാത്രമുദ്ദേശിച്ച് ഒരാൾ ഹജ്ജ്കർമത്തിനൊരുങ്ങുകയും യാത്രയിലുടനീളം പാലിക്കാൻ നിർദേശിച്ച പരിധികൾ അതീവ സൂക്ഷ്മതയോടെ പാലിക്കുകയുമാണെങ്കിൽ, പൂർവകാല ജീവിതത്തിൽ സംഭവിച്ചിരിക്കാവുന്ന പാപങ്ങളിൽ നിന്നെല്ലാം അവനെ കഴുകിയെടുത്ത് നവജാത ശിശുവിനെപ്പോലെ പരിശുദ്ധനായി തിരിച്ചെത്തിക്കാം എന്നാണ് അല്ലാഹുവിന്റെ വാഗ്ദാനം. അത്തരം ഹജ്ജിനാണ് 'മഖ്ബൂലും മബ്റൂറുമായ ഹജ്ജ്' എന്ന് പറയുന്നത്. മരണാനന്തരം അതിന് ലഭിക്കാനിരിക്കുന്ന പ്രതിഫലമാകട്ടെ സ്വർഗവും.

അബൂഹുറയ്റ(റ)യിൽ നിന്ന്. റസൂൽ(സ) പറഞ്ഞു: "അന്യൂനവും പരിശുദ്ധവുമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗമാണ്" (ബുഖാരി).

ഇഹ-പര നേട്ടങ്ങൾ കരഗതമാകുംവിധം ഹജ്ജ് കർമം നിർവഹിക്കാൻ സർവശക്തൻ അനുഗ്രഹിക്കട്ടെ. ■